(ബി) ഡയറക്ടർ ഓഫീസിലുള്ള നാലു വാഹനങ്ങളും ഉപയോഗിച്ചിട്ടുള്ളതിൽ ചില ക്രമക്കേടുകളും സംഭവിച്ചിട്ടുള്ളതായും, ആ വാഹനങ്ങളുടെ ലോഗ് ബുക്കുകളും എഴുതിയിട്ടുള്ളതിൽ പാകപ്പിഴകളും സംഭവിച്ചിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) പുരാവസ്തുവകുപ്പു ഡയറക്ടർ ആഫീസിലെ വാഹനങ്ങളുടെ ഉപയോഗത്തിൽ ക്രമക്കേടുകളുള്ളതായി ലോഗ് ബുക്കുകൾ അനുസരിച്ച് കാണുന്നുണ്ടെന്നും അതുകൊണ്ട് വിശദമായ അന്വേഷണം ആവശ്യമാണെന്നുമാണ് അക്കൗണ്ടൻറ് ജനറൽ അഭിപ്രായപ്പെട്ടത്.

(ഡി) പുരാവസ്തുവകുപ്പു ഡയറക്ടർക്കെതിരായി ഉയർന്നുവന്ന ചില പരാതികളെപ്പറ്റി വിജിലൻസ് വകുപ്പ് അന്വേഷണം നടത്തുകയുണ്ടായി. എന്നാൽ വാഹനങ്ങളുടെ ഉപയോഗത്തേയും ലോഗ് ബുക്ക് എഴുതുന്ന രീതിയേയും കുറിച്ചുള്ള പരാതിയൊഴികെ മറ്റെല്ലാ പരാതികളും അടിസ്ഥാനരഹിതമാണെന്ന് വിജിലൻസ് വകുപ്പ് റിപ്പോർട്ട് ചെയ്തു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഡയറക്ടർക്ക് വാണിംഗ് നൽകിയിട്ടുണ്ട്.

ഗുരുവായൂർ-കുറ്റിപ്പുറം റെയിൽവേ ലൈൻ

994. [1451] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സാമ്പത്തിക വർഷത്തിൽ ഗുരുവായൂർ കുറ്റിപ്പുറം റയിൽവേ ലൈനിനുവേണ്ടി കേന്ദ്രഗവൺമെൻറ് അനുവദിച്ചിട്ടുള്ള തുക എത്രയാണെന്ന് അറിയുമോ ?

ഉത്തരം

ഇപ്പോഴത്തെ വിഭവലഭ്യതയുടെ അപര്യാപ്തതയാൽ ഗുരുവായൂർ-കുറ്റിപ്പുറം റയിൽവേ ലൈനിന്റെ നിർമ്മാണം ഉടൻതന്നെ ഏറ്റെടുക്കാൻ നിർവ്വാഹമില്ലെന്ന് കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ആകയാൽ പ്രസ്തുത ലൈനിനുവേണ്ടി തുക അനുവദിച്ചിട്ടില്ല.

പീച്ചി മൃഗശാല

995. [1452] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീച്ചിയിൽ സ്ഥാപിക്കാൻ പോകുന്ന മൃഗശാലയുടെ സവിശേഷതകൾ എന്തെല്ലാം;

(ബി) ഈ മൃഗശാലക്ക് ഏതെല്ലാം ഏജൻസികളിൽനിന്ന് സഹായങ്ങൾ കിട്ടും;

(സി) കേന്ദ്രം ഏതെല്ലാം വിധത്തിൽ സഹായിക്കാമെന്നേറ്റിട്ടുണ്ട് ?

ഉത്തരം

(എ) പീച്ചിയിൽ മൃഗശാല സ്ഥാപിക്കാൻ അന്തിമ തീരുമാനം എടുത്തിട്ടില്ല. ഇതിനെ സംബന്ധിച്ച് ഒരു പ്രോജക്ട് റിപ്പോർട്ട്, തൃശ്ശൂർ കളക്ടർ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. പ്രോജക്ട് റിപ്പോർട്ട് കിട്ടിയാൽ മാത്രമേ എന്തെല്ലാം സവിശേഷതകൾ ഉണ്ടാകുമെന്ന് അറിയാൻ സാധിക്കുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly